# ശ്രീകണ്ഠപുരം ഏരിയാ സമ്മേളനം നവംബറിൽ; പി.വി.ഗോപിനാഥ് സെക്രട്ടറി സ്ഥാനമൊഴിയും

ശ്രീകണ്ഠപുരം: സി.പി.എം ശ്രീകണ്ഠപുരം ഏരിയാ സമ്മേളനം നവംബർ 19, 20 തീയതികളിൽ ശ്രീകണ്ഠപുരം കമ്മ്യൂണിറ്റി ഹാളിൽ നടക്കും. സംഘടാക സമിതി രൂപീകരണ യോഗം ഇന്ന് വൈകീട്ട് നാലിന് ഏരിയാ കമ്മിറ്റി ഓഫീസ് ഹാളിൽ നടക്കും. മൂന്ന് ടേമുകളിലായി പാർട്ടിയെ നയിച്ച ഏരിയാ സെക്രട്ടറി പി.വി.ഗോപിനാഥ് ഇത്തവണ സ്ഥാനമൊഴിയും. മലയോരത്ത് സി.പി.എമ്മിന് മികച്ച അടിത്തറയുണ്ടാക്കാനും ന്യൂനപക്ഷങ്ങളെയടക്കം പാർട്ടിയോടടുപ്പിക്കാനും വിവാദങ്ങളൊന്നുമില്ലാതെ ഒറ്റക്കെട്ടായി പാർട്ടിയെ നയിക്കാനും ഏരിയ സെക്രട്ടറിയെന്ന നിലയിൽ ഗോപിനാഥിന് കഴിഞ്ഞു. ജില്ലയിലെ തന്നെ ഏറ്റവും വലിയ ഏരിയാ കമ്മിറ്റി ഓഫീസ് ശ്രീകണ്ഠപുരത്ത് ഒരുക്കിയതും പ്രധാന നേട്ടമായി. ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറിയായിരുന്ന ഗോപിനാഥിനെ 2007ൽ ശ്രീകണ്ഠപുരത്ത് നടന്ന സമ്മേളനത്തിലാണ് പാർട്ടി ഏരിയാ സെക്രട്ടറിയായി തെരഞ്ഞെടുത്തത്. പിന്നീട് 2011ൽ പയ്യാവൂർ സമ്മേളനത്തിലും 2014ൽ മലപ്പട്ടം സമ്മേളനത്തിലും ഗോപിനാഥ് തന്നെ സെക്രട്ടറിയായി. മൂന്ന് തവണയെന്ന പാർട്ടി തീരുമാനത്തിന്റെ ഭാഗമായാണ് അദേഹം ഇത്തവണ സെക്രട്ടറി പദവി ഒഴിയുന്നത്. ഇനി അർഹമായ പ്രമുഖ സ്ഥാനത്തേക്ക് ഗോപിനാഥിനെ പാർട്ടി നേതൃത്വം പരിഗണിച്ചേക്കും. 19 അംഗ ഏരിയാ കമ്മിറ്റിയാണ് നിലവിൽ ശ്രീകണ്ഠപുരത്തുള്ളത്. 14 ലോക്കൽ കമ്മിറ്റികളാണ് ഏരിയക്ക് കീഴിലുള്ളത്. ഏരിയാ കമ്മിറ്റിയിൽ കാര്യമായ



അഴിച്ചുപണി ഉണ്ടാവില്ലെങ്കിലും ചില അഴിച്ചുപണികൾ ഉണ്ടായേക്കും. ഏരിയാ സെക്രട്ടറി സ്ഥാനത്തേക്ക് മുതിർന്ന അംഗം എം.വേലായുധൻ, നഗരസഭാ കൗൺസിലർ അഡ്വ.എം.സി.രാഘവൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് എന്നിവരുടെ പേരുകളാണ് പരിഗണനയിലുള്ളത്. ഇതിൽ എം.സി.രാഘവനും സുമേഷും ജനപ്രതിനിധികളായതിനാൽ സ്ഥാനം ഒഴിയുകയെന്ന പ്രശ്നം നിലവിലുണ്ട്. യുവനേതാവിനെ തന്നെ ഏരിയാ സെക്രട്ടറി പദവിയിലേക്ക് കൊണ്ടുവരണമെന്ന അണികളുടെ ആവശ്യവും പാർട്ടി പരിശോധിച്ചുവരികയാണ്. ജില്ലാ നേതൃത്വം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. ഏരിയാ കമ്മിറ്റിയിലേക്ക് പുതുതായി ഡി.വൈ.എഫ്.ഐ നേതാവിനെയും മഹിളാ അസോസിയേഷൻ നേതാവിനെയും ഉൾപ്പെടുത്തും. ഒരു യുവ നേതാവടക്കം ചിലർ ഏരിയാ കമ്മിറ്റിയിൽ നിന്നും ഒഴിവാക്കപ്പെടും. ഏരിയാ കമ്മിറ്റി അംഗങ്ങളുടെ എണ്ണം കൂട്ടുന്നത് ഒഴിവാക്കാനുള്ള ശ്രമമാണ് ജില്ലാ നേതൃത്വം നടത്തുക.



യു.ഡി.എഫ് രാപ്പകൽ സമരത്തിന്റെ സമാപനയോഗം കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## യു.ഡി.എഫ് രാപ്പകൽ സമരം അവസാനിച്ചു

# 16 മാസത്തെ പിണറായി ഭരണം തികഞ്ഞ പരാജയം: കെ.സി.ജോസഫ്

കണ്ണൂർ: പിണറായി സർക്കാരിന്റെ 16 മാസത്തെ ഭരണം തികഞ്ഞ പരാജയമാണെന്ന് മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായ കെ.സി. ജോസഫ് എം.എൽ.എ

യു.ഡി.എഫ് രാപ്പകൽ സമരത്തിന്റെ സമാപനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. യു.ഡി.എഫ് ഉണ്ടാക്കിയ നേട്ടങ്ങൾ സർവ മേഖലകളിലും തകർന്നു തരിപ്പണമായിരിക്കുകയാണ്. ആരോഗ്യം, പൊതുവിതരണം, ആഭ്യന്തരം പാടെ തകർന്നിരിക്കുകയാണ്. കണ്ണൂരിൽ സി.പി.എമ്മും സംഘപരിവാറും പരസ്പരം ഏറ്റുമുട്ടുകയാണ്. ഒരു ഭാഗത്ത് ഭക്ഷണം പോലും കിട്ടാതെ പൊതുവിതരണം തരിപ്പണമായപ്പോൾ മറുഭാഗത്ത് യു.ഡി.എഫ് ഉണ്ടാക്കിയ വിമാനത്താവളവും കൊച്ചി മെട്രോയും അഴീക്കൽ തുറമുഖവും ഉദ്ഘാടനം ചെയ്ത് ഇതിന്റെ പിതാവ് തങ്ങളാണെന്ന് വീമ്പുപറയുകയാണ് എൽ.ഡി.എഫ് ചെയ്യുന്നത്. ജോസഫ് തുടർന്ന് പറഞ്ഞു. പ്രൊഫ. എ.ഡി. മുസ്തഫ അധ്യക്ഷത വഹിച്ചു. വി.കെ. അബ്ദുൾ ഖാദർ മൗലവി സ്വാഗതം പറഞ്ഞു. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി, കെ. സുരേന്ദ്രൻ, പി. കുഞ്ഞഹമ്മദ്, വി.പി. വമ്പൻ, പി.രാമകൃഷ്ണൻ, സുമബാലകൃഷ്ണൻ, ഇല്ലിക്കൽ അഗസ്തി, കെ.പി. പ്രശാന്ത്, അഡ്വ. മനോജ് കുമാർ, സി.എ. അജീർ, മാർട്ടിൻ ജോർജ് പ്രസംഗിച്ചു.

# ഹോട്ടൽ കച്ചവടത്തിൽ പങ്കാളിയാക്കാമെന്ന് പറഞ്ഞ് പത്ത് ലക്ഷം തട്ടിയതിന് കേസ്

തലശേരി: ഹോട്ടൽ ബിസിനസിൽ പങ്കാളിയാക്കാമെന്ന് പറഞ്ഞ് സ്ത്രീയുടെ പത്ത് ലക്ഷം രൂപ തട്ടിയെടുത്തതിന് പോലീസ് കേസെടുത്തു. ചിറക്കര നഫീസത്ത് വില്ലയിലെ എൻ.വി.ആഷിക്കിനെതിരെയാണ് കേസ്. മുഴപ്പിലങ്ങാട്ടെ സുബൈറിന്റെ ഭാര്യ റംല (52)യുടെ പരാതിയിലാണ് കേസെടുത്തത്.

2016 ആഗസ്ത് മാസം ആഷിക്കിന്റെ ഉടമസ്ഥതയിലുള്ള ഹോട്ടലിൽ പങ്കാളിത്തം നൽകാമെന്ന് പറഞ്ഞാണത്രെ പണം കൈക്കലാക്കിയത്. എന്നാൽ പങ്കാളിത്തം നൽകുകയോ പണം തിരിച്ചുനൽകുകയോ ചെയ്തില്ല. ഇതേ തുടർന്ന് റംല നൽകിയ പരാതിയിൽ കോടതിയുടെ നിർദേശാനുസരണമാണ് തലശേരി പോലീസ് കേസെടുത്തത്.






• അന്വേഷണത്തിൽ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത്

• സ്വർണ്ണം വെക്കാതെയും ലക്ഷങ്ങൾ തട്ടി

# ജില്ലാ ബാങ്കിലെ സ്വർണ്ണക്കവർച്ച; മുൻകൂർ ജാമ്യാപേക്ഷയിൽ നാളെ വിധി

തളിപ്പറമ്പ: ജില്ലാ സഹകരണ ബാങ്ക് തളിപ്പറമ്പ ശാഖയിൽ നിന്ന് അരക്കോടിയിലധികം രൂപയുടെ സ്വർണ്ണം കവർന്ന കേസിലെ പ്രതികളായ സീനിയർ മാനേജർ ചന്ദ്രൻ, മാനേജർ ടി.വി.രമ, അപ്രൈസർ ഷഡാനൻ എന്നിവരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ നാളെ ജില്ലാ സെഷൻസ് കോടതി വിധി പറയും. മൂന്നുപേരും സമർപ്പിച്ച ജാമ്യാപേക്ഷയിൽ രണ്ട് ദിവസമായി നടന്ന വാദം പൂർത്തിയായി.

ജാമ്യാപേക്ഷയെ പോലീസ് ശക്തമായി എതിർത്തു. മാനേജർ ടി.വി.രമയും അപ്രൈസർ ഷഡാനനും കൂടിയാണ് സ്വർണ്ണം കവർന്നത്. സ്വർണ്ണ കവർച്ചയുമായി സീനിയർ മാനേജർ ചന്ദ്രന് നേരിട്ട് പങ്കില്ല. എന്നാൽ കൂടുതൽ ഉത്തരവാദിത്വം ഇദ്ദേഹത്തിനാണെന്ന് പ്രോസിക്യൂഷൻ വാദിച്ചു. അന്വേഷണത്തിൽ ലഭിച്ച ഞെട്ടിക്കുന്ന വിവരങ്ങളാണ് തളിപ്പറമ്പ സി.ഐ പി.കെ.സുധാകരൻ സർക്കാർ അഭിഭാഷകന് നൽകിയത്.

സ്വർണ്ണം വെക്കാതെ അപ്രൈസറുടെ ഭാര്യ രാജശ്രീയുടെ പേരിൽ കാർഷിക ലോൺ പാസാക്കി 1,70,000 രൂപ തട്ടിയെടുത്തിട്ടുണ്ട്. ഇങ്ങനെയൊരു സ്വർണ്ണ പൊതിപോലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഫോമിലും രാജശ്രീയുടെതായി ഒപ്പിടുകയും മാനേജറും സീനിയർ മാനേജറും ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സമാനമായ രീതിയിൽ ടി.വി.രമയുടെ മകന്റെ പേരിലും തട്ടിപ്പ് നടത്തിയിട്ടുള്ളതായി പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ കാര്യങ്ങൾ അക്കമിട്ട് നിരത്തിയാണ് പ്രോസിക്യൂഷൻ ജാമ്യഹർജിയെ എതിർത്തത്.

# ശമ്പളം നൽകിയില്ലെന്ന്; മേരി മാതാ കോളേജിൽ അധ്യാപകർ സമരം തുടങ്ങി

ആലക്കോട്: ശമ്പളം നൽകാത്തതിൽ പ്രതിഷേധിച്ച് ആലക്കോട് മേരി മാതാ കോളേജിൽ അധ്യാപകർ സമരം തുടങ്ങി. സപ്തംബർ മാസത്തെ ശമ്പളം ഈ മാസം ആറാം തീയതിയായിട്ടും നൽകാത്തതിൽ പ്രതിഷേധിച്ചാണ് 35 അധ്യാപകർ ഉൾപ്പെടെ 43 ജീവനക്കാർ ഇന്ന് രാവിലെ മുതൽ സമരം തുടങ്ങിയത്. ഇതേ തുടർന്ന് ക്ലാസുകൾ മുടങ്ങി. ശമ്പളം ലഭിക്കാതെ ജോലിക്ക് കയറില്ലെന്ന തീരുമാനത്തിലാണ് അധ്യാപകർ. നേരത്തെ ശമ്പള വർധനവ് ആവശ്യപ്പെട്ട് അധ്യാപകർ മാനേജ്മെന്റിന് നോട്ടീസ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് സമരത്തിന് കാരണമെന്ന് പറയപ്പെടുന്നു. അതേസമയം ട്യൂഷൻ ഫീസിന്റെ 69 ശതമാനം വരെയാണ് നേരത്തെ ശമ്പളം നൽകി വന്നിരുന്നതെന്നും വർധനവ് ആവശ്യപ്പെട്ടതിനെ തുടർന്ന് 76 ശതമാനം വരെ മുൻകാല പ്രാബല്യത്തോടെ ശമ്പളം വർധിപ്പിച്ചു നൽകിയിട്ടും അനാവശ്യമായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ് സമരത്തിലൂടെ ചെയ്യുന്നതെന്നും കോളേജ് മാനേജർ ഫാ. ആന്റണി ആനക്കല്ലിൽ പറഞ്ഞു.



ജനരക്ഷായാത്രയുടെ ഇന്നത്തെ പര്യടനത്തിന് തുടക്കം കുറിച്ച് കേന്ദ്ര മന്ത്രി അർജുൻ റാം മേഘവാൾ പ്രസംഗിക്കുന്നു

# ലോകകപ്പ് ഫുട്ബോൾ: അർജന്റീനയുടെ സാധ്യത മങ്ങി

അടുത്ത വർഷം റഷ്യയിൽ നടക്കുന്ന ലോകകപ്പ് ഫുട്ബോളിൽ അർജന്റീനയുണ്ടാകുമോ? ഫുട്ബോൾ ലോകത്തെ ആശങ്കപ്പെടുത്തി ഇന്ന് പുലർച്ചെ സ്വന്തം തട്ടകത്തിൽ നടന്ന യോഗ്യതാ മത്സരത്തിൽ പെറുവിനോട് ഗോൾരഹിത സമനില വഴങ്ങേണ്ടി വന്നതോടെ അർജന്റീനയുടെ ലോകകപ്പ് പ്രവേശനം അക്ഷരാർത്ഥത്തിൽ തുലാസിലായി.

സൂപ്പർതാരം ലയണൽ മെസി ബൂട്ടണിഞ്ഞിട്ടും ഗോൾ നേടാൻ അർജന്റീനക്കായില്ല. മുൻനിര സ്ട്രൈക്കറായ പൗലോ ഡൈബാലയെ മുഴുവൻ സമയവും പുറത്തിരിത്തി മൗരോ ഇക്കാർഡിയെയായിരുന്നു മെസിക്ക് കൂട്ടായി മുന്നേറ്റനിരയിൽ അണിനിരത്തിയത്. എന്നാൽ ഈ കൂട്ടുക്കെട്ട് ഫലം കണ്ടില്ല. കളിയിൽ വ്യക്തമായ മേൽക്കൈയുണ്ടായിട്ടും ഗോൾ മാത്രം നേടാൻ അർജന്റീനക്കായില്ല. മെസിയുടെ എണ്ണം പറഞ്ഞൊരു ഷോട്ട് പോസ്റ്റിലിടിച്ച് മടങ്ങുകയായിരുന്നു. ലാറ്റിനമേരിക്കൻ മേഖലയിൽ നിന്ന് ബ്രസീൽ നേരത്തെ തന്നെ യോഗ്യത ഉറപ്പിച്ചിരുന്നു. യുറുഗ്വായ്, ചിലി, കൊളംബിയ, പെറു എന്നീ രാജ്യങ്ങൾ അർജന്റീനക്ക് മുന്നിലാണ്. ലാറ്റിനമേരിക്കൻ മേഖലയിൽ നിന്ന് നാല് ടീമുകൾക്കാണ് നേരിട്ട് യോഗ്യത. അർജന്റീന ആറാം സ്ഥാനത്താണ്. ഒക്ടോബർ പത്തിന് ഇക്വഡോറിനെതിരെ വൻ മാർജനിൽ വിജയിച്ചാൽ മാത്രമേ അർജന്റീനക്ക് പ്ലേ ഓഫ് കളിച്ച് റഷ്യയിലെത്താൻ സധിക്കുകയുള്ളൂ. ഇന്ത്യയിൽ ഇന്നാരംഭിക്കുന്ന അണ്ടർ-17 ലോകകപ്പ് കളിക്കാനും അർജന്റീനിയൻ ടീം യോഗ്യത നേടിയിരുന്നില്ല.

# മണൽകൊള്ള: 2 പേർ അറസ്റ്റിൽ

മയ്യിൽ: അനധികൃതമായി പുഴയിൽ നിന്നും ശേഖരിച്ച് ലോറിയിൽ മണൽ കടത്തുകയായിരുന്ന രണ്ടു പേരെ പോലീസ് അറസ്റ്റ് ചെയ്തു. ഒരാൾ ഓടിരക്ഷപ്പെട്ടു.

നാറാത്ത് ഓണപ്പറമ്പ് ഹമീദ് മൻസിലിലെ നൗഫൽ(21), കമ്പിൽ കുമ്മായക്കടവിലെ കോളന്റവിട നൗഷാദ്(36) എന്നിവരാണ് പിടിയിലായത്.



പിടിയിലായ നൗഷാദും നൗഫലും

ഓടിരക്ഷപ്പെട്ട ഷമ്മാസിനുവേണ്ടി തിരച്ചിൽ ഊർജിതമാക്കി. വ്യാജനമ്പർ പതിച്ച ലോറിയിൽ മണൽകടത്തവേ ഇന്നു പുലർച്ചെയാണ് പിടികൂടിയത്.


സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2750

പവന് :22000

പവിത്രാ ജ്വല്ലറി

കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ

Ph: 0460-2207237


# വീട് കുത്തിത്തുറന്ന് വൻ കവർച്ച

കണ്ണൂർ: വീട് കുത്തിത്തുറന്ന് 60,000 രൂപ കവർന്നു. താണ പ്രഭാത് ഗസ്റ്റ് ഹൗസിന് സമീപത്തെ കെ.എം.ബാലചന്ദ്രന്റെ വീട്ടിലാണ് കവർച്ച. ബാലചന്ദ്രൻ കണ്ണൂർ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ താലൂക്ക് ഓഫീസിലെ ജൂനിയർ സൂപ്രണ്ടാണ്. മിനിഞ്ഞാന്ന് ഇവർ വീട് പൂട്ടി പുറത്തുപോയിരുന്നു. വൈകുന്നേരം 3.45ന് തിരിച്ചെത്തിയപ്പോഴാണ് വീടിന്റെ മുൻവാതിൽ തകർത്ത നിലയിൽ കാണപ്പെട്ടത്. അലമാര കുത്തിത്തുറന്നാണ് പണം കവർന്നത്. പോലീസ് നായ മണംപിടിക്കാതിരിക്കാൻ മുറിയിലാകെ മുളകുപൊടി വിതറിയിരുന്നു. കഴിഞ്ഞ ശനിയാഴ്ച താണയിലെ ആയുർവേദ ഡോക്ടറുടെ വീട് കുത്തിത്തുറന്ന് പത്ത് പവനും 44,000 രൂപയും കവർന്നിരുന്നു.



സി.പി.എം ചവനപ്പുഴ സൗത്ത് ബ്രാഞ്ച് സമ്മേളനം ജില്ലാ സെക്രട്ടറി പി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.

# റോഡരികിൽ മാലിന്യം തള്ളിയ ലോറി പിടികൂടി

പരിയാരം: റോഡരികിൽ മാലിന്യം തള്ളിയ ലോറി പിടികൂടി മാലിന്യം തിരിച്ചെടുപ്പിച്ചു. ദേശീയപാതയിൽ അലക്യംപാലത്തിൽ ഇന്നലെ ഉച്ചക്കാണ് സംഭവം. കണ്ണൂരിൽ നിന്ന് പച്ചക്കറി അവശിഷ്ടങ്ങളുടെ ലോഡുമായി എത്തിയ കെ.എ.018 സി 0784 മിനിലോറിയിൽ നിന്നാണ് റോഡരികിലെ കുഴിയിൽ മാലിന്യം തള്ളിയത്. ലോഡിൽ പകുതി ഭാഗം തള്ളുമ്പോഴേക്കും സംഭവം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടു. പരിസരവാസികൾ വിവരമറിയിച്ചതനുസരിച്ച് എത്തിയ പരിയാരം എസ്.ഐ സി.അമലിന്റെ നേതൃത്വത്തിലുള്ള പോലീസ് ലോറി ഡ്രൈവർ ചിക്കമംഗ്ലൂർ കങ്കണഹള്ളിയിലെ ഗോപാൽ ഗൗഡ(48)യെ കസ്റ്റഡിയിലെടുത്തു. ഇയാളെ കൊണ്ട് മാലിന്യങ്ങൾ ലോറിയിലേക്ക് തിരിച്ചെടുപ്പിച്ചു. മാലിന്യം റോഡിൽ തള്ളിയതിന് പിഴ ഈടാക്കിയ ശേഷമാണ് ഡ്രൈവറെ വിട്ടയച്ചത്.

# ജനവാസ കേന്ദ്രത്തിൽ കക്കൂസ് മാലിന്യം തള്ളി

പഴയങ്ങാടി: നെരുവമ്പ്രം പല്ലാഞ്ഞിടക്ക് സമീപമുള്ള ജനവാസ കേന്ദ്രത്തിൽ കക്കൂസ് മാലിന്യം തള്ളി. ഇന്നലെ രാത്രിയോടെയാണ് തള്ളിയത്. അടുത്തില കോവിലകം ദിലീപ് വർമ്മയുടെ വീട്ടുപറമ്പിലാണ് കക്കൂസ് മാലിന്യം തള്ളിയത്. ദുർഗന്ധം കൊണ്ട് വാഹന-കാൽനട യാത്ര പോലും ദുഷ്കരമായിരിക്കുകയാണ്. പോലീസിൽ പരാതി നൽകി.

# കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ നശിപ്പിച്ചു

ആലക്കോട്: നൂറിലധികം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ ജലവിതരണ പൈപ്പുകൾ സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചു. ആലക്കോട് ടൗൺ-കോളി മലഞ്ചെരുവ് കുടിവെള്ള പദ്ധതിയുടെ പൈപ്പുകളാണ് കഴിഞ്ഞ ദിവസം നശിപ്പിച്ചത്. പ്രസിഡണ്ട് വിൽസൻ, സെക്രട്ടറി ഗോപാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ സമിതി ഭാരവാഹികൾ അധികൃതർക്ക് പരാതി നൽകി.

# ചരമം



### അലക്സാണ്ടർ

ആലക്കോട്: ആലക്കോട് ടൗണിൽ ആധാരമെഴുത്തുകാരനായിരുന്ന തടിക്കടവ് മണിക്കലിലെ പറപ്പള്ളിൽ അലക്സാണ്ടർ(77) നിര്യാതനായി. ഭാര്യ: ആലപ്പുഴ എഴുമാംതുരുത്തിൽ കുടുംബാംഗം മറിയാമ്മ. മക്കൾ: സോണി, സിനി, സിൻസി. മരുമക്കൾ: സിനി, ഷിബു മുടവനാട്ട്, നോബി മറ്റക്കോട്ടിൽ. സംസ്കാരം ഇന്ന് ഉച്ച കഴിഞ്ഞ് രണ്ട് മണിക്ക് തടിക്കടവ് സെന്റ് ജോർജ് പള്ളിയിൽ.



### പരമേശ്വരിയമ്മ

ആലക്കോട്: ഉദയഗിരി മൂന്നാംതോട്ടിലെ പരേതനായ നാലോലിക്കൽ നാരായണൻ നായരുടെ ഭാര്യ പരമേശ്വരിയമ്മ(92) നിര്യാതയായി. മക്കൾ: സുരേന്ദ്രൻ, ശ്യാമള, ചന്ദ്രൻ, പരേതനായ ജനാർദനൻ. മരുമക്കൾ: ശാന്തമ്മ, ലളിത, ആനന്ദവല്ലി, പരേതനായ ചന്ദ്രശേഖരൻ.



തിരുമേനിയിൽ അന്തരിച്ച കിഴക്കരക്കാട്ട് ജോസഫ്

### ഫാത്തിമ ഹജ്ജുമ്മ

ചപ്പാരപ്പടവ്: നജാത്ത് നഗർ ശരീഫ മസ്ജിദിനു സമീപത്തെ ഉപ്പുവളപ്പിൽ ഫാത്തിമ ഹജ്ജുമ്മ (85) നിര്യാതയായി. ഭർത്താവ്: പരേതനായ കെ കെ അബ്ദുല്ല ഹാജി. മക്കൾ: യു വി മമ്മു മൗലവി (കേരള മുസ്‌ലിം ജമാഅത്ത് ചപ്പാരപ്പടവ് യൂനിറ്റ് പ്രസിഡന്റ്), മൊയ്തീൻ, ഇബ്റാഹിം (കുവൈത്ത്), അസൈനാർ (തളിപ്പറമ്പ സീതി സാഹിബ് എച്ച് എസ് സ്കൂൾ അധ്യാപകൻ), നഫീസ, ആസിയ, ആമിന. മരുമക്കൾ: സി എം ഇബ്റാഹിം മൗലവി (ജന. സെക്രട്ടറി, കേരള മുസ്‌ലിം ജമാഅത്ത് ചപ്പാരപ്പടവ് സർക്കിൾ കമ്മിറ്റി), ബി പി ഹുസൈൻ മൗലവി (തളിപ്പറമ്പ അൽഹുദ സുന്നി മദ്റസ അധ്യാപകൻ), ആത്തിക്ക, ഖദീജ, ബുഷ്റ, അനീസ, പരേതനായ സി കെ മമ്മു.

# പേഴ്സ് നഷ്ടപ്പെട്ടു

ശ്രീകണ്ഠപുരം: നെടുവാലൂർ ഓണക്കുന്ന്-തളിപ്പറമ്പ് ബസ് യാത്രയ്ക്കിടെ രേഖകളും പണവും അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9495723125 നമ്പറിൽ അറിയിക്കണം.

# സ്കൂളിന് സമീപത്ത് സിഗരറ്റ് വിൽപ്പന: വ്യാപാരി പിടിയിൽ

മയ്യിൽ: കോറളായി എൽ.പി.സ്കൂളിന് സമീപത്തെ കട കേന്ദ്രീകരിച്ച് സിഗരറ്റ് വിൽപ്പന നടത്തിയ അബ്ദുൾ ഖാദറിനെ എസ്.ഐ: ബാബുമോൻ അറസ്റ്റ് ചെയ്തു.

# പഴയങ്ങാടിയിൽ പതിനേഴുകാരനെ കാണാതായി



പഴയങ്ങാടി: ലക്ഷ്യം നിറവേറ്റാൻ പോകുന്നുവെന്ന് കത്തെഴുതി വെച്ച് പതിനേഴുകാരൻ നാടുവിട്ടു. ചെറുകുന്ന് ഗവ. ഹയർ സെക്കണ്ടറിയിലെ പ്ലസ് വൺ വിദ്യാർത്ഥി എരിപുരം പള്ളിക്ക് സമീപത്തെ ഹംറാസ്(17)നെയാണ് ഇന്നലെ മുതൽ കാണാതായത്. പിതാവ് പഴയങ്ങാടി പോലീസിൽ പരാതി നൽകി. കഴിഞ്ഞ ദിവസം രാവിലെയാണ് വീടിറങ്ങിയത്. 'എനിക്ക് ഒരു ലക്ഷ്യമുണ്ട് ആ ലക്ഷ്യം നിറവേറിയാൽ മാത്രമേ ഞാൻ തിരിച്ച് വരൂ എന്നും മാതാപിതാക്കളോടൊപ്പം നിന്നാൽ എന്റെ ലക്ഷ്യം സാധിക്കില്ലാ എന്നും എന്നെ അന്വേഷിക്കേണ്ട' എന്നുമുള്ള കത്ത് കണ്ടെടുത്തു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 306 RNI Reg.No.KER MAL/2007/22043